അനുവദിച്ച അൺ എയ്ഡഡ് സ്ക്കൂളുകൾ

29 [326] ശ്രീ. എ. എ. അസീസ്:

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള പേരുവിവരം വെളിപ്പെടുത്താമോ;

(ബി) എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ സർക്കാർ ഏറ്റെടുത്ത് എയ്ഡഡ് സ്ക്കൂളുകളാക്കി മാറ്റി, അവ ഏതെല്ലാം എന്ന് പറയാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരം കൊടുത്തതും, അപ്ഗ്രേഡ് ചെയ്തതുമായ സ്ക്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 'എ'-യിൽ കൊടുത്തിരിക്കുന്നു.†

(ബി) ഒരു അൺ എയ്ഡഡ് സ്ക്കൂളും എയ്ഡഡ് സ്ക്കൂളാക്കിയിട്ടില്ല.

സംസ്ഥാന യുവജനോത്സവത്തിലെ അപ്പീലുകൾ

30 [327] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പീൽ അനുവദിച്ചതിനെ തുടർന്ന് ഈ വർഷത്തെ സംസ്ഥാന യുവജനോത്സവത്തിൽ എത്ര വിദ്യാർത്ഥികൾ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ അനുവദിച്ച അപ്പീൽ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഡി. പി. ഐ. അപ്പീൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ഡി) ഇത്രയധികം അപ്പീൽ വരാനും അനുവദിക്കാനും ഉണ്ടായ കാരണങ്ങളെ കുറിച്ച് സർക്കാർ അന്വേഷിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അന്യായമായ അപ്പീലുകൾ നിരുത്സാഹപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 106 പേർ.

(ബി) 1. തിരുവനന്തപുരം 18
2. കൊല്ലം 3
3. പത്തനംതിട്ട

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4.	ആലപ്പുഴ	9
5.	എറണാകുളം	10
6.	തൃശ്ശൂർ	5
7.	പാലക്കാട്	10
8.	മലപ്പുറം	3
9.	കോഴിക്കോട്	30
10.	വയനാട്	4
11.	കണ്ണൂർ	2
12.	കാസറഗോഡ്	10

(സി) 25 എണ്ണം.

(ഡി) & (ഇ) അപ്പീൽ സമർപ്പിക്കുന്നതിനും അനുവദിക്കുന്നതിനും സ്കൂ കലോത്സവ മാനുവലിൽ വ്യവസ്ഥയുള്ളതിനാൽ, എന്നാൽ മുൻവർഷങ്ങളെ അപേ ക്ഷിച്ച് അപ്പീലുകളുടെ എണ്ണം കുറവായിരുന്നു. എങ്കിലും അപ്പീലുകൾ താരതമ്യേന കൂടുതൽ അനുവദിച്ച ഡി. ഡി. ഇ.-മാരുടെ നടപടി അന്വേഷിക്കുന്നതാണ്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

യുവജനോത്സവത്തിൽ ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാരെ അനുവദിച്ച നടപടി

31 [328] ശ്രീ. കെ. സുധാകരൻ:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ യുവജനോത്സവം സംബന്ധിച്ച് പുതുക്കിയ മാനുവൽ പ്രകാരം ചമ്പു പ്രഭാഷണത്തിന് പിന്നണിക്കാരെ അനുവദിക്കാമെന്നും അവർ വിദ്യാർത്ഥികളായിരിക്കണമെന്ന് നിർബന്ധമില്ലെന്നും പറഞ്ഞിട്ടുണ്ടോ;

(ബി) 2005-06-ൽ എറണാകുളത്തുവച്ച് നടത്തിയ യുവജനോത്സവത്തിൽ ചമ്പു പ്രഭാഷണം സംബന്ധിച്ച സ്റ്റേജ് മാനേജരാരായിരുന്നു; പിന്നണിക്കാർ വിദ്യാർത്ഥികളായിരിക്കണമെന്ന് പ്രസ്തുത സ്റ്റേജ് മാനേജർ നിർബന്ധം പിടിക്കുകയും അക്കാര്യം അനൗൺസ് ചെയ്യുകയും ചെയ്തിരുന്നോ;

(സി) തന്മൂലം ആൺകുട്ടികളുടെ ചമ്പു പ്രഭാഷണത്തിൽ പിന്നണിക്കാരെ ഒഴിവാക്കേണ്ടി വന്നിരുന്നോ;

(ഡി) പാവണ്ടൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ജി. വന്ദനയുടെ രക്ഷിതാക്കൾ പ്രോഗ്രാം കമ്മിറ്റി കൺവീനറിൽ നിന്നും പിന്നണിക്കാരെ വയ്ക്കുവാൻ അനുകൂല ഉത്തരവ് വാങ്ങിയോ; എങ്കിൽ ഈ ഉത്തരവിനെ സ്റ്റേജ് മാനേജർ അനുസരിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയാമോ;

(ഇ) മാനുവലിനെതിരെ കുട്ടികളെ വിഷമിപ്പിച്ച സ്റ്റേറ്റ് മാനേജരുടെ മേൽ ശിക്ഷാനടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly